പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 837

02/12/2015 -ൽ
മറുപടിയ്ക്കു്

## പമ്പാനദിയിലെ മലിനീകരണം

ചോദ്യം

ശ്രീ. കെ. സുരേഷ് കുറുപ്പ്

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) പമ്പാനദിയിൽ ശബരിമല ഭക്തന്മാർ വസ്ത്രങ്ങൾ നിക്ഷേപിക്കുന്നത് തടയണമെന്ന ബഹു. ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിനായി എന്തു മുൻകരുതൽ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

എ) പമ്പാനദിയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നത് കുറ്റകരമാണെന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെടുത്തി പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനും അത്തരം പ്രവർത്തനം തടയുന്നതിനുമായി കേരളം, തമിഴ്നാട്, ആന്ധ്ര, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ അതാത് സംസ്ഥാനങ്ങളുടെ മാതൃഭാഷകളിൽ അവബോധന അറിയിപ്പുകൾ ദേശീയ മാധ്യമമായ ദൂരദർശൻ വഴി പ്രക്ഷേപണം ചെയ്യുന്നതിന് നടപടി കൈക്കൊണ്ടു. ഇതേ അറിയിപ്പുകൾ കേരളത്തിൽ തെരഞ്ഞെടുത്ത റെയിൽവേ സ്റ്റേഷനുകളിലും പ്രദർശനത്തിനായി നൽകുകയുണ്ടായി. ആയത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ചെങ്ങന്നൂർ, തിരുവല്ല, എറണാകുളം, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട് എന്നീ റയിൽവേ സ്റ്റേഷനുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. കൂടാതെ ആൾ ഇന്ത്യാ റേഡിയോയിലും ഈ സന്ദേശങ്ങൾ പൊതുജന ബോധവൽക്കരണത്തിനായി പ്രക്ഷേപണം ചെയ്യുന്നതിനായി നടപടി കൈക്കൊണ്ടു. കൂടാതെ പമ്പയിലെത്തുന്ന ഭക്തർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി എൻ.എസ്.എസ്. വോളന്റിയർമാരെയും പമ്പാ കുളിക്കടവിൽ നിയോഗിച്ചിട്ടുണ്ട്. പമ്പാ പോലീസുമായി ചേർന്ന് വസ്ത്രം പമ്പയിൽ ഉപേക്ഷിക്കുന്നവരെ കണ്ടുപിടിച്ച് താക്കീത് ചെയ്യുന്നതിനും ലംഘിക്കുന്നതിന്റെ ഭവിഷ്യത്തുകൾ മനസ്സിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രദർശന ബോർഡുകൾ, കൂടുതൽ തീർത്ഥാടകർ വരുന്ന സ്ഥലങ്ങളിൽ വാഹനം ഉപയോഗിച്ചുള്ള പരസ്യങ്ങൾ എന്നിവ നടത്തുന്നുണ്ട്. കൂടാതെ അയ്യപ്പൻമാർ ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ നീക്കം ചെയ്യുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ആവശ്യമായ

തൊഴിലാളികളെ നിയോഗിക്കുകയും വസ്ത്രം ഉപേക്ഷിക്കണമെന്നുള്ളവർക്ക് ഉപേക്ഷിക്കുന്നതിലേയ്ക്കായി പമ്പാ മണൽ പുറത്ത് ബിന്നുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഇതിനായി മുൻ കാലങ്ങളിലെപ്പോലെ ലേലം വിളിച്ചു ആളെ ചുമതലപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | ബി) | ബഹു. കേരള ഹൈക്കോടതിയുടെ 16/10/2015 –ലെ വിധിന്യായം ലഭിച്ചതിനെ തുടർന്ന് തൻവർഷം ടി ഇനം ടെൻഡർ ചെയ്ത് നൽകിയിട്ടില്ലാത്തതാണ്. അയ്യപ്പ ഭക്തന്മാർ പമ്പാ നദിയിൽ വസ്ത്രം ഉപേക്ഷിക്കുന്നത് തടയുക എന്നതാണ് തൻ വർഷം സ്വീകരിച്ചിട്ടുള്ള നിലപാട്. വിലക്കുകളെ മറികടന്ന് ഉപേക്ഷിക്കപ്പെടുന്ന വസ്ത്രം നീക്കം ചെയ്യുന്നതിന് പ്രത്യേക തൊഴിലാളികളെ നിയോഗിച്ചിട്ടുള്ളതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ